**കാർഷിക വികസന കർഷക ക്ഷേമ** വകുപ്പ് ഡയറക്ടറുടെ **കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

---

നം: ADFW/6831/2021-SH1

തീയതി :**05-08-2024**

**സർക്കുലർ**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ജീവനക്കാര്യം- ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റിംഗ് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം- അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നമ്പർ G O.M.S. 1124/63/AGRI തീയതി 27.12.1963.

കാർഷിക വികസന കർഷക വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുവാൻ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഏഴാം ക്ലാസ് പാസാവുകയും ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് 6 മാസത്തെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റും ഉള്ള ജീവനക്കാർക്ക് നിലവിലെ ഒഴിവിലേക്ക് തസ്തികമാറ്റം ലഭിക്കുവാൻ അർഹതയുണ്ട്.

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താല്പര്യമുള്ള ജീവനക്കാർ മേലധികാരിയുടെ ശിപാർശ സഹിതം 15.08.2024-നു മുൻപായി ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു.

Signed by
Roja S Nair
Date: 05-08-2024 15:06:49

ROJA S NAIR
ADMINISTRATIVE ASSISTANT II
കൃഷി ഡയറക്ടർക്കു വേണ്ടി

പകർപ്പ്
1. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ജില്ലാ കാര്യാലയങ്ങൾക്കും
3. IT Cell (കൃഷി വകുപ്പിന്റെ website-ൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ